**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1130** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ലോകനാർക്കാവ് ക്ഷേത്രം ടൂറിസം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കുറ്റ്യാടി മണ്ഡലത്തിലെ ലോകനാർക്കാവ് ക്ഷേത്രവുമായി ബന്ധപ്പെട്ടുകിടക്കുന്ന ടൂറിസം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

**<u>മറുപടി:</u> പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് ലോകനാർകാവ് ടെമ്പിൾ എന്ന പദ്ധതിയ്ക്ക് 30.04.2022 ന് 4,50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്.**

**തലശ്ശേരി പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി ലോകനാർകാവ് ക്ഷേത്രം ഒന്നാം ഘട്ടം പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് 6,69,28,524.54/- രൂപയ്ക്ക് സാമ്പത്തിക അനുമതി ലഭിച്ചു. M/S KIIDC മുഖേന പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.**

**രണ്ടാം ഘട്ടം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1,62,75,642.26/- രൂപയാണ് . ആയത് സമയക്രമം പാലിച്ച് നിർദ്ദേശം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം ഏജൻസിക്ക് നൽകിയിട്ടുണ്ട്.**

**(ബി)** പദ്ധതിയുടെ എസ്റ്റിമേറ്റ് തുക, പദ്ധതി എന്നത്തേക്ക് പൂർത്തിയാകും എന്നിവ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡിക(എ)യിലെ ഉത്തരം

**(സി)** പദ്ധതി പ്രധാനമായും ലക്ഷ്യം വെക്കുന്നതും പദ്ധതി പൂർത്തിയാകുന്നതോടെ യാഥാർത്ഥ്യമാകുന്നതുമായ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

**<u>മറുപടി:</u> വടക്കൻ കേരളത്തിന്റെ പ്രത്യേകിച്ച് മലബാർ മേഖലയിലെ സമ്പന്നമായ സാംസ്കാരിക പൈതൃകം വിനോദ സഞ്ചാരികൾക്ക് മുന്നിൽ തുറന്നുകാട്ടുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.**

**സെക്ഷൻ ഓഫീസർ**